(സി) ഇത് അനധികൃതമായി കടത്തിക്കൊണ്ടുപോയതാണെങ്കിൽ അതിന് ഉത്തരവാദിയാരാണെന്നും, ഏത് രീതിയിലാണ് കടത്തിക്കൊണ്ടുപോയത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സുനാമി ദുരന്തം അനുഭവിച്ച ആൻഡമാൻ ദ്വീപിലെ ജനങ്ങൾക്ക് കേരളത്തിൽ നിന്നും മുള കൂടാതെയുള്ള മറ്റ് വനവിഭവങ്ങൾ ഒന്നും നൽകിയിട്ടില്ല.

(ബി) കേരളത്തിൽ നിന്നും 50,000 മുളകൾ (full bamboos) ആൻഡമാൻ ദ്വീപിലെ സുനാമി ദുരന്തം അനുഭവിച്ച ജനങ്ങൾക്കുവേണ്ടി സൗജന്യമായി നൽകിയിട്ടുണ്ട്. വേറെ വനവിഭവങ്ങളൊന്നും നൽകിയിട്ടില്ല.

(സി) കേരളത്തിലെ വനവിഭവങ്ങളൊന്നും അനധികൃതമായി ആൻഡമാനിലേക്ക് കടത്തിക്കൊണ്ടുപോയിട്ടില്ല.

വരയാടുകളുടെ സങ്കേതങ്ങൾ

74 [3938] *ശ്രീ. എൻ ഡി. അപ്പച്ചൻ:*
„ *ലൂഡി ലൂയിസ്:*
„ *കെ. ബാബു:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരയാടുകളുടെ സങ്കേതങ്ങൾ എവിടെയെല്ലാമാണ്;

(ബി) പ്രസ്തുത സങ്കേതങ്ങളിലെ വരയാടുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലകളിൽ വേട്ട നടത്താറുണ്ടോ;

(ഡി) പ്രസ്തുത മേഖലകളിലെ വരയാടുകളുടെ എണ്ണം കുറയുവാനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ഇരവികുളം
2. എലിവാൽമല-ഒലവക്കോട്
3. പറമ്പിക്കുളം
4. മംഗളാദേവി-പെരിയാർ ടൈഗർ റിസർവ്
5. കൊച്ചുപമ്പ-റാന്നി ഡിവിഷൻ
6. നെല്ലിയാമ്പതി ഹിൽസ്- നെൻമാറ ഡിവിഷൻ
7. ചിന്നാർ
8. വരയാട്ടുമല-നെയ്യാർ വന്യജീവി സങ്കേതം
9. പൊൻമുടി ഹിൽസ്- തിരുവനന്തപുരം ഡിവിഷൻ
10. മീസപ്പുലിമല- മൂന്നാർ
11. ഗുണ്ടുമല-മൂന്നാർ

എന്നിവിടങ്ങൾ ആണ് സംസ്ഥാനത്തെ വരയാടുകളുടെ സങ്കേതങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലാകാലങ്ങളിൽ നടത്തുന്ന സെൻസസിൽ വരയാടുകളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ കണ്ടുവരുന്നു.

(സി) പ്രസ്തുത മേഖലകളിൽ വേട്ട നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത മേഖലകളിലെ വരയാടുകൾ സ്റ്റബിലൈസ് ചെയ്ത കൂട്ടങ്ങളാണെന്ന് അനുമാനിക്കുന്നു. ആവാസ വ്യവസ്ഥയിലെ സ്വാഭാവികമായ മറ്റു മൃഗങ്ങളുടെ വേട്ടയാടൽ, തീറ്റ ലഭ്യത എന്നീ ഘടകങ്ങളാണ് ഇവയുടെ ഏറ്റക്കുറച്ചിലിനുള്ള കാരണങ്ങൾ.

വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള വിതരണ പദ്ധതികൾ

75 [3939] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഏതെല്ലാം കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ചെലവഴിച്ച തുക എത്ര വീതമാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കപ്പെടാതെ ഏതെങ്കിലും അവശേഷിക്കുന്നുണ്ടോ;

(സി) ഈ വർഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളുടെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ 3 വർഷക്കാലമായി നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വടക്കാഞ്ചേരി ശുദ്ധജല പദ്ധതിയുടെ കിണറിന്റെ പണികൾ നടന്നു കൊണ്ടിരിക്കുന്നു. മറ്റെല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly